**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 273** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ശക്തൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകളെ കുറിച്ചാലോചിച്ചിട്ടുണ്ടോ; അതിനായി ഏതെങ്കിലും പദ്ധതികളോ നയങ്ങളോ വിഭാവനം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ആഫീസിൽ നിന്നും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആയത് നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നികുതിദായകരുടെ സൗകര്യർത്ഥം നികുതി കുടിശിക പിരിച്ചെടുക്കുന്നതിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വരുന്നു. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നികുതി ദായകരുടെ സൗകര്യർത്ഥം നികുതി അടവാക്കുന്നതിന് GPAY, PHONE PAY, PAYTM സംവിധാനം സജ്ജീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2024 ജനുവരി ഒന്നു മുതൽ സംസ്ഥാനത്തെ എല്ലാ മുൻസിപ്പാലിറ്റി, കോർപ്പറേഷനുകളിലും 2025 ഏപ്രിൽ ഒന്നു മുതൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കെ-സ്മാർട്ട് ആവിഷ്കരിച്ചതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട സേവനങ്ങൾക്കും ലഭിക്കേണ്ട തനതുവരുമാനം എന്നിവകൾക്ക് കൂടുതൽ കാര്യക്ഷമത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിവർഷം 5% വസ്തുനികുതി വർദ്ധനവ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുവരുമാനം വർദ്ധനവ് നിലവിലുണ്ട്.

**(ബി)** പ്രാദേശിക തലത്തിലെ വ്യവസായ, ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ടൂറിസം സാധ്യതകൾ മുന്നിൽ കണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആയതുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾ നടപ്പിലാക്കുകയും, ടി സ്ഥലം സന്ദർശിക്കുന്ന സഞ്ചാരികൾക്ക് നിരവധി സേവനങ്ങൾ നൽകുക വഴി തനതുവരുമാനം വർദ്ധനവ് ഉണ്ടാക്കാം. Happiness Park മാതൃകയിലുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(സി)** നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്ക് സർവീസ് ചാർജ് ഈടാക്കാവുന്നതാണ്. നികുതിയേതര വരുമാനങ്ങളായ ഫീസ്, യൂസർ ചാർജസ്, വാടക, Sales & Hire charges എന്നിവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച ബൈല- യുടെ അടിസ്ഥാനത്തിൽ പിരിച്ചെടുക്കുന്ന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**